# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ക്രൈസ്തവർ വേദനിക്കുന്നവരോട് നിസംഗരല്ലെന്ന് പാപ്പാ ഫ്രാൻസിസ്




വിവേചനവും, പീഡനവും രക്തസാക്ഷിത്വവും ക്രിസ്താനുകരണമാണ്. അൽബേനിയയുടെ തലസ്ഥാന നഗരം തിരാനയിൽ വ്യത്യസ്ത ക്രൈസ്തവസഭകൾ സാഹോദര്യസംഗമം നടത്തി.

അൽബേനിയയുടെ തലസ്ഥാനമായ തിരാനയിൽ സമ്മേളിച്ച ആഗോള ക്രൈസ്തവ കൂട്ടായ്മയ്ക്ക് നവംബർ 3-ാം തീയതി ചൊവ്വാഴ്ച വത്തിക്കാനിൽ നിന്നും അയച്ച സന്ദേശത്തിലാണ് പാപ്പാ ഇങ്ങനെ പ്രസ്താവിച്ചത്.

സമ്മേളനത്തിന് നേതൃത്വം നൽകുന്ന ക്രൈസ്തവൈക്യ കാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ പ്രസിഡന്റ് കർദ്ദിനാൾ കേർട് കോഹിന് അയച്ച സന്ദേശത്തിൽ മദ്ധ്യപൂർവ്വദേശം, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും തങ്ങളുടെ വിശ്വാസത്തെപ്രതി അകാരണമായി പീഡിപ്പിക്കപ്പെടുകയും കൊല ചെയ്യപ്പെടുകയും ചെയ്യുന്ന ക്രൈസ്തവ മക്കളെ പാപ്പാ വേദനയോടെ അനുസ്മരിച്ചു.

പീഡനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും തലത്തിൽ കത്തോലിക്കരും, ഓർത്തഡോക്സുകാരും, ആഗ്ലിക്കൻസും, പ്രൊട്ടസ്റ്റന്റുകാരും, എവാഞ്ചലിക്കൽസും, പെന്തക്കോസ്തരും പങ്കുചേരുന്ന ധീരമായ വിശ്വാസസാക്ഷ്യം അവരെ തമ്മിൽ വേർപെടുത്തുന്ന സാമൂഹ്യ വിഘടിപ്പുകളെക്കാൾ ആഴവും ശക്തവുമാണെന്നും, അത് ക്രൈസ്തവർക്കിടയിൽ ഐക്യത്തിനുള്ള പാത തെളിയിക്കട്ടെയെന്നും പാപ്പാ സന്ദേശത്തിൽ ആശംസിച്ചു.

രക്തസാക്ഷിത്വത്തിന്റെ കൂട്ടായ്മ സഭൈക്യ സംരംഭത്തിന്റെ പാതയിലെ ശ്രേഷ്ഠമായ അടയാളമാണെന്നും സന്ദേശത്തിൽ പാപ്പാ ചൂണ്ടിക്കാട്ടി. അതുപോലെ ക്രിസ്തുവിൽ ജ്ഞാനസ്നാനപ്പെടുകയും നവജീവൻ പ്രാപിക്കുകയും ചെയ്തവരെല്ലാവരും ക്രിസ്തുവിന്റെ മൗതികദേഹമായ സഭയിലെ അംഗങ്ങളാണെന്നും (1 കൊറി. 12,12) പൗലോസ് അപ്പസ്തോലനെ ഉദ്ധരിച്ചുകൊണ്ട് പാപ്പാ സന്ദേശത്തിൽ കൂട്ടിച്ചേർത്തു. നാം വിഭാവനം ചെയ്യുന്ന ലോകത്തെ ക്രൈസ്തവൈക്യം സമ്പൂർണ്ണവും ദൃശ്യവും യാഥാർത്ഥ്യവുമാക്കാൻ പരസ്പര ധാരണയിലും സ്നേഹത്തിലും കൂട്ടായ്മയിലും വളരാൻ നമുക്ക് അനുദിനം പരിശ്രമിക്കാം എന്ന പ്രസ്താവിച്ചുകൊണ്ടാണ് പാപ്പാ സന്ദേശം ഉപസംഹരിച്ചത്.

'വിവേചനവും, പീഡനവും രക്തസാക്ഷിത്വവും ക്രിസ്താനുകരണവും'മാണെന്ന പ്രതിപാദ്യ വിഷയവുമായിട്ടാണ് Global Christian Forum Consultation നവംബർ 2 മുതൽ 4 വരെ തീയതികളിൽ തിരാനയിൽ സമ്മേളിച്ചത്.